REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി ഒരു ദിവസത്തെ സന്ദർശനത്തിന് ഇന്ന് കർണാടകയിലെത്തും. ബംഗലൂരു മെട്രോയുടെ യെല്ലോ ലൈൻ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും.**
- **ഹർ ഘർ തിരംഗയ്ക്ക് ലഭിക്കുന്ന ജനപങ്കാളിത്തത്തിൽ സംതൃപ്തിയുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളാണ് യജമാനൻമാർ എന്ന കാഴ്ചപ്പാട് പൂർണ്ണമായും ഉൾക്കൊള്ളണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **കേരളത്തിൽ രാജ്യാന്തര ആയുർവേദ ഗവേഷണ കേന്ദ്രം ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ്.**
- **KSRTC യുടെ കേരളത്തിലെ എല്ലാ ബസ് സ്റ്റേഷനുകളും നവീകരിക്കുമെന്ന് മന്ത്രി KB ഗണേഷ് കുമാർ.**
- **മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ് ഡ്യുറാന്റ് കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഒരു ദിവസത്തെ സന്ദർശനത്തിന് ഇന്ന് കർണാടകയിലെത്തും. ബംഗലൂരു KSR റെയിൽവെ സ്റ്റേഷനിൽ മൂന്ന് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്യും.

ഡെസ്ക് റിപ്പോർട്ട് .........

(വോയ്സ് )

ബംഗലൂരു മെട്രോയുടെ RV റോഡ് - ബൊമ്മസാന്ദ്ര യെല്ലോ ലൈൻ നാടിന് സമർപ്പിക്കുന്ന പ്രധാനമന്ത്രി അല്പദൂരം മെട്രോ ട്രെയിനിൽ സഞ്ചരിക്കും. ബംഗലൂരുവിലെ പൂർത്തീകരിച്ച ഏതാനും പദ്ധതികൾ ഉദ്ഘാടനം ചെയ്ത ശേഷം നരേന്ദ്രമോദി നഗര ഗതാഗതവുമായി ബന്ധപ്പെട്ട പുതിയ ചില പദ്ധതികൾക്ക് തറക്കല്ലിടും. ബംഗലൂരു മെട്രോ മൂന്നാംഘട്ടമാണ് ഇതിൽ പ്രധാനപ്പെട്ടത്. 15,610 കോടി രൂപ മൂന്നാംഘട്ടത്തിന് വേണ്ടി വരും. 44 കിലോമീറ്റർ പാതയിൽ 31 സ്റ്റേഷനുകളോടെയാണ് മൂന്നാം ഘട്ടം പൂർത്തീകരിക്കുന്നത്.

✪✪✪

ഹർ ഘർ തിരംഗയ്ക്ക് രാജ്യമെങ്ങും ലഭിക്കുന്ന ജനപങ്കാളിത്തത്തിൽ പ്രധാനമന്ത്രി നേരന്ദ്രമോദി സംതൃപ്തി അറിയിച്ചു. ജനതയുടെ അടിയുറച്ച ദേശാഭിമാനവും ത്രിവർണ്ണ പതാകയിലെ അഭിമാനവുമാണ് ഇതിലൂടെ പ്രകടമാകുന്നതെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ജനതയെ ഒറ്റക്കെട്ടാക്കുന്നതും ഈ വികാരമാണെന്നും അദ്ദേഹം പറഞ്ഞു. ദേശീയ പതാക ഉയർത്തുന്ന സെൽഫി ചിത്രങ്ങൾ har ghar tiranga.com പോർട്ടലിൽ പങ്കുവെക്കാനും പ്രധാനമന്ത്രി ജനങ്ങളെ ആഹ്വാനം ചെയ്തു.

✪✪✪

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും, റഷ്യൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിനും ഓഗസ്റ്റ് 15ന് അലാസ്കയിൽ കൂടിക്കാഴ്ച നടത്തുന്നതിനെ ഇന്ത്യ സ്വാഗതം ചെയ്തു. ഇരു ലോക നേതാക്കളും പങ്കെടുക്കുന്ന US-റഷ്യ ഉച്ചകോടി യുക്രൈനിലെ സംഘർഷം അവസാനിപ്പിക്കുമെന്നും സമാധാനത്തിന്റെ സാധ്യതകൾ തുറക്കുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പ്രസ്താവനയിൽ പറഞ്ഞു. ഈ ശ്രമങ്ങളെ ഇന്ത്യ പിന്തുണയ്ക്കുമെന്നും ജയ്സ്വാൾ വ്യക്തമാക്കി.

✪✪✪

ഇന്ത്യയിൽ ഹരിത വിപ്ലവത്തിന് നേതൃത്വം നൽകിയ DR. MS  സ്വാമിനാഥനെ മറക്കാൻ രാജ്യത്തിന് കഴിയില്ലെന്ന് മുൻ ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു പറഞ്ഞു. ന്യൂഡൽഹിയിൽ MS സ്വാമിനാഥൻ ശതാബ്ദി അന്താരാഷ്ട്ര കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആസൂത്രകനും ശാസ്ത്രജ്ഞനും ഗവേഷകനും എന്നതിൽ ഉപരി ഡോ. സ്വാമിനാഥൻ ദർശനാത്മക പ്രവർത്തനത്തിലൂടെ ഇന്ത്യയുടെ വിധി മാറ്റിമറിച്ച മഹത് വ്യക്തിത്വമായിരുന്നുവെന്നും  വെങ്കയ്യ നായിഡു പറഞ്ഞു.

✪✪✪

ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളാണ് യജമാനൻമാർ എന്ന കാഴ്ചപ്പാട് പൂർണ്ണമായും ഉൾക്കൊള്ളണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സിവിൽ സർവീസ് പരീക്ഷാ വിജയികളെ അനുമോദിക്കുന്ന ചടങ്ങ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ജനാധിപത്യത്തോട് ഉയർന്ന ആദരവ് പുലർത്തിയായിരിക്കണം ഭരണനിർവ്വഹണം. ജനാധിപത്യം നിലനിന്നാൽ മാത്രമേ കാര്യക്ഷമവും ജനസൗഹൃദപരവുമായ സിവിൽ സർവീസും നിലനിൽക്കൂ എന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിന് തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്.

✪✪✪

ഇന്ന് ലോക സിംഹ ദിനം. സിംഹങ്ങളുടെ പരിപാലനത്തെയും സംരക്ഷണത്തെയും കുറിച്ച് അവബോധം സൃഷ്ടിക്കാനാണ് എല്ലാവർഷവും ഓഗസ്റ്റ് 10ന് സിംഹ ദിനമായി ആചരിക്കുന്നത്. സിംഹങ്ങളെയും അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥകളേയും ഭാവി തലമുറയ്ക്കായി സംരക്ഷിക്കുന്നതിന് വേണ്ട ആഗോളശ്രമങ്ങൾ സംയോജിപ്പിക്കുക എന്നതാണ് ഈ വർഷത്തെ സിംഹ ദിന പ്രമേയം.

കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ഗുജറാത്തിലെ ബർദ വന്യജീവി സങ്കേതത്തിൽ സംഘടിപ്പിക്കുന്ന സിംഹ ദിനാചരണ ചടങ്ങിൽ കേന്ദ്ര  മന്ത്രി ഭൂപേന്ദർ യാദവ് പങ്കെടുക്കും.

✪✪✪

മലയാറ്റൂർ ട്രസ്റ്റിന്റെ 18-ാമത് അവാർഡിന് നോവലിസ്റ്റും കഥാകൃത്തുമായ E സന്തോഷ്കുമാർ അർഹനായി. ‘തപോമയിയുടെ അച്ഛൻ’ എന്ന നോവലിനാണ് 25,000 രൂപയും  ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. പുതു തലമുറയിലെ ശ്രദ്ധേയ എഴുത്തുകാർക്ക് നൽകുന്ന മലയാറ്റൂർപ്രൈസിന് സലിൻ മാങ്കുഴിയുടെ ‘ആനന്ദലീല’ എന്ന നോവൽ അർഹമായി

✪✪✪

സ്കൂൾ പരിസരത്ത് വൈദ്യുതാഘാതമേറ്റ് മരിച്ച വിദ്യാർത്ഥി മിഥുന്റെ കുടുംബത്തിന് ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് നിർമ്മിക്കുന്ന വീടിന് രാവിലെ മന്ത്രി V.ശിവൻകുട്ടി തറക്കല്ലിടും. മന്ത്രി KN ബാലഗോപാൽ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ S.ഷാനവാസ്, സ്കൗട്ട് ആന്റ് ഗൈഡ്സ് സംസ്ഥാന സെക്രട്ടറി NK പ്രഭാകരൻ എന്നിവരും ജനപ്രതിനിധികളും ചടങ്ങിൽ സംബന്ധിക്കും.

✪✪✪

പുസ്തകപ്പുര പദ്ധതിയിൽ, വായിച്ച പുസ്തകങ്ങളെ പറ്റി കുട്ടികൾ തയ്യാറാക്കിയ ആസ്വാദനക്കുറിപ്പുകളുടെ സമാഹാരം ‘വായനാലഹരി’ തിരുവനന്തപുരത്ത് മന്ത്രി V ശിവൻകുട്ടിക്ക് കൈമാറി. 5000ത്തോളം പുസ്തകങ്ങൾ വായിച്ച് തയ്യാറാക്കിയ കുറിപ്പുകളിൽ നിന്ന് തെരഞ്ഞെടുത്തവ ഉൾപ്പെടുത്തിയാണ് സമാഹാരം തയ്യാറാക്കിയത്.

✪✪✪

കേരളത്തിൽ രാജ്യാന്തര ആയുർവേദ ഗവേഷണ കേന്ദ്രം ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആയുഷ് വകുപ്പ് ഒരു കോടി രൂപ ചെലവിൽ ആലപ്പുഴ പുന്നപ്ര തെക്ക് പഞ്ചായത്തിൽ നിർമ്മിക്കുന്ന ആയുർവേദ ആശുപത്രിയുടെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തെ ദന്തസംരക്ഷണത്തിന്റെയും ദന്തരോഗ ചികിത്സയുടെയും ഹബ്ബാക്കി മാറ്റുമെന്ന് ആലപ്പുഴ ഗവൺമെന്റ് ഡെന്റൽ കോളേജ് കെട്ടിടം ഉദ്ഘാടന ചടങ്ങിൽ മന്ത്രി പറഞ്ഞു. പഠനത്തിനും പരിശീലനത്തിനും ആവശ്യമായ എല്ലാ സൗകര്യങ്ങളും മൂന്ന് നിലയിൽ നിർമ്മിച്ചിരിക്കുന്ന പുതിയ കെട്ടിടത്തിലുണ്ട്.

ലക്ഷങ്ങൾ മുടക്കി കുട്ടികൾ മറ്റ് നാടുകളിലേക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് പോകുന്ന സാഹചര്യം ഒഴിവാക്കുകയാണ് ഗവണ്മെന്റിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

✪✪✪

മരണാനന്തര അവയവദാതാക്കളെ അനുസ്മരി ക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനും 'സ്മൃതി വന്ദനം 2025' എന്ന പേരിൽ ഈ മാസം 13ന് തിരുവനന്തപുരത്ത് സംസ്ഥാനതല പരിപാടി സംഘടിപ്പിക്കും. വഴുതക്കാട്ട് മന്ത്രി വീണാ ജോർജ് ‘സ്മൃതി വന്ദനം’ ഉദ്ഘാടനം ചെയ്യും. കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ നേതൃത്വത്തിലാണ് പരിപാടി.

സംസ്ഥാനത്ത് 2017 നവംബർ മുതൽ 2025 ജൂലൈ വരെ കാലയളവിൽ മരണാനന്തരം അവയവദാനം നടത്തിയ 122 വ്യക്തികളുടെ കുടുംബാംഗങ്ങൾ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

കണ്ണൂർ ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി ജില്ലാ പ്രതിനിധി KO ശശിധരൻ...

........വോയ്സ്......

കിഫ്ബി ഫണ്ടിൽ നിന്ന് 61 കോടി 72 ലക്ഷം രൂപ ചെലവഴിച്ചാണ് അഞ്ച് നിലകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിച്ചത്. കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി ഒപികൾ പുതിയ ബ്ലോക്കിലുണ്ടാകും മൂന്ന് ഓപ്പറേഷൻ തിയറ്റർ, പോസ്റ്റ് ഓപറേറ്റീവ് വാർഡ്, മെഡിക്കൽ ഐ.സി.യുകൾ, സർജിക്കൽ ഐ.സി.യുകൾ, 22 ഡയാലിസിസ് യൂണിറ്റ് എന്നിവയും 23 എക്സിക്യൂട്ടീവ് പേ വാർഡുകളും ഒരുക്കിയിട്ടുണ്ട്. കാത്തിരിപ്പ് ലോഞ്ച്, ശുദ്ധജല ശേഖരണ സംവിധാനം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ഇരുപത് പേർക്ക് കയറാവുന്ന രണ്ട് ലിഫ്റ്റുകൾ എന്നിവയുമുണ്ട്. 16 ഒ പികളിലായി പ്രതിദിനം മൂവായിരത്തിലേറെ രോഗികളാണ് ജില്ലാ ആശുപത്രിയിൽ എത്തുന്നത്.

✪✪✪

ലക്ഷദ്വീപ് തീരത്ത് ഇന്ന് 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റ് വീശാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് ജാഗ്രതാ നിർദേശമുണ്ട്. സംസ്ഥാനത്ത് ഒരു ജില്ലയിലും പ്രത്യേക മഴ മുന്നറിയിപ്പ് നൽകിയിട്ടില്ല.

✪✪✪

തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയുടെ പതിമൂന്നാമത് ബിരുദദാന ചടങ്ങിൽ ഇന്ന് 290 പേർക്ക് സർട്ടിഫിക്കറ്റുകൾ കൈമാറും. ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിലെ പേൾ ജൂബിലി ഓഡിറ്റോറിയത്തിൽ രാവിലെ സംഘടിപ്പിക്കുന്ന ചടങ്ങിൽ IIT ഖരഗ്പൂർ ഡയറക്ടർ പ്രൊഫ. സുമൻ ചക്രവർത്തി മുഖ്യാതിഥിയായി പങ്കെടുക്കും.

ISRO ചെയർമാനും IIST ഭരണസമിതി പ്രസിഡന്റുമായ ഡോ. V. നാരായണൻ ബിരുദദാന പ്രസംഗം നടത്തും.

✪✪✪

കളമശ്ശേരി മണ്ഡലത്തിലെ കാർഷിക വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന "കൃഷിക്കൊപ്പം കളമശ്ശേരി" പദ്ധതിയിലൂടെ പരിചിതമല്ലാത്ത കൂൺ, കൂവ എന്നിവയുടെ കൃഷിയും വ്യാപിപ്പിക്കാൻ കഴിഞ്ഞുവെന്ന് മന്ത്രി P രാജീവ് പറഞ്ഞു. കുന്നുകര സർവീസ് സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഏത്തക്ക - മരച്ചീനി കർഷക സംഗമം ഉദ്ഘാടനം ചെയ്യുകയിരുന്നു മന്ത്രി.

✪✪✪

KSRTC യുടെ കേരളത്തിലെ എല്ലാ ബസ് സ്റ്റേഷനുകളും നവീകരിക്കുമെന്ന് മന്ത്രി KB ഗണേഷ് കുമാർ പറഞ്ഞു. കോർപ്പറേഷന്റെ മുഖച്ഛായ മാറ്റുന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നതെന്ന് അദ്ദേഹം എറണാകുളം ബോട്ട് ജെട്ടിയിൽ ജലഗതാഗത വകുപ്പിന്റെ പുതിയ റീജിയണൽ ഓഫീസ് കെട്ടിടം ഉദ്ഘാടന ചടങ്ങിൽ പറഞ്ഞു.

20 കോടിയോളം രൂപ ചെലവിൽ എറണാകുളം KSRTC ബസ് സ്റ്റാൻഡ് നവീകരിക്കും. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ സർവീസ് ഷെഡ്യൂൾ ചെയ്യാൻ സാധിക്കുന്ന സോഫ്റ്റ്‌വെയർ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

✪✪✪

അർജ്ജന്റീന ഫുട്ബോൾ ടീമിന്റെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങളിൽ വരുന്ന പ്രചാരണങ്ങൾ ദുരുദ്ദേശപരവും വസ്തുതകൾ മനസ്സിലാക്കാത്തതുമാണെന്ന് മന്ത്രി V അബ്ദു റഹ്മാൻ തിരുവനന്തപുരത്ത് അറിയിച്ചു. കേരളത്തിലെ സൗഹൃദ മത്സരത്തിൽ പങ്കെടുക്കാൻ ദേശീയ ടീം വരില്ലെന്ന് അർജ്ജന്റീന ഫുട്ബോൾ അസോസിയേഷൻ ഇതുവരെ അറിയിച്ചിട്ടില്ല.

✪✪✪

മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ് 134-ാമത് ഡുറാന്റ് കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. കൊൽക്കത്തയിൽ ഗ്രൂപ്പ് B അവസാന ലീഗ് മാച്ചിൽ ഡയമണ്ട് ഹാർബർ FCയെ ഒന്നിനെതിരെ അഞ്ച് ഗോളിന് തോൽപ്പിച്ചാണ് അടുത്ത റൗണ്ടിലേക്ക് അർഹത നേടിയത്.

✪✪✪

ചൈനയിലെ ചെങ്ഡുവിൽ മൂന്ന് ദിവസത്തെ ലോക ഗെയിംസ് വടംവലി മത്സരങ്ങൾക്ക് തുടക്കമായി. പുരുഷ 640 കിലോഗ്രാം വിഭാഗത്തിൽ നിലവിൽ ചാമ്പ്യന്മാരായ സ്വിറ്റ്സർലൻഡിനെ തോൽപ്പിച്ച് ബ്രിട്ടൻ സ്വർണ്ണം നേടി.

✪✪✪

കണ്ണൂരിൽ കായിക വിദ്യാർത്ഥികൾക്ക് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കിറ്റുകൾ സമ്മാനിച്ചു. കായിക - യുവജന ഡയറക്ടറേറ്റാണ് കിറ്റുകൾ നൽകിയത്.

✪✪✪

*News Editor :ശ്രുതി എം*
*News Reader:അനിൽ ചന്ദ്രൻ*
*NRT: നിമിഷ ജി*
*DEO : സി കെ സുബോധ്*